"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ്- പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം - കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം ലൈബ്രേറിയൻ ആയിരിക്കെ മരണമടഞ്ഞ ശ്രീ. വി.പി തങ്കച്ചന്റെ മകനും ആശ്രിതനുമായ ശ്രീ.അജിത് മാത്യുവിന് ആശ്രിത നിയമന പദ്ധതി പ്രകാരം പഞ്ചായത്ത് വകുപ്പിൽ കോട്ടയം ജില്ലയിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(കൈ) നം.127/2023/LSGD തീയതി,തിരുവനന്തപുരം, 14-06-2023

പരാമർശം:-

1. ജി.ഒ.(പി) നം. 12/99/പി & എ ആർ.ഡി തീയതി, 24.05.1999.
2. ജി.ഒ. (പി) നം. 24/99/പി & എ ആർ.ഡി, തീയതി, 18.11.1999.
3. ജി.ഒ. (പി) നം. 37/02/പി & എ ആർ.ഡി തീയതി. 15.07.2002
4. ജി.ഒ. (പി) നം. 14/10/പി & എ ആർ.ഡി തീയതി. 12.04.2010
5. ജി.ഒ. (കൈ) നം. 05/18/പി & എ ആർ.ഡി തീയതി, 21.02.2018
6. ശ്രീ. അജിത്.മാത്യുവിന്റെ 29.11.2021 - ലെ അപേക്ഷ.
7. പഞ്ചായത്ത് ഡയറക്ടറുടെ 31.03.2022 ലെ PAN/3451/2022-E14(DP) നമ്പർ കത്ത്.
8. കോട്ടയം ജില്ലാ കളക്ടറുടെ 08.03.2023 ലെ DCKTM/6981/2022-SS1 നം.കത്ത്.

**ഉത്തരവ്**

പഞ്ചായത്ത് വകുപ്പിൽ കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം ലൈബ്രേറിയൻ ആയിരിക്കെ മരണമടഞ്ഞ ശ്രീ. വി.പി തങ്കച്ചന്റെ മകനും ആശ്രിതനുമായ ശ്രീ.അജിത്.മാത്യു സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിനായി അനുബന്ധരേഖകൾ സഹിതം പരാമർശം (6) പ്രകാരം സമർപ്പിച്ച അപേക്ഷ ശുപാർശ ചെയ്ത് പരാമർശം (7) പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചു. പ്രസ്തുത ശുപാർശയിന്മേൽ പരാമർശം(8) പ്രകാരം കോട്ടയം ജില്ലാകളക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം ലൈബ്രേറിയൻ ആയിരിക്കെ 22.02.2021 ൽ മരണമടഞ്ഞ ശ്രീ. പി.വി തങ്കച്ചന് 10 വർഷവും 09 മാസവും 20 ദിവസത്തെ സേവനകാലമുണ്ടെന്നും, ടിയാളുടെ മകനും ആശ്രിതനുമായ അപേക്ഷകനായ ശ്രീ.അജിത്.മാത്യുവിന്റെ ജനനതീയതി 14.08.2000 ആണെന്നും, ടിയാൾക്ക് 22 വയസ്സ് പൂർത്തിയായിട്ടുണ്ടെന്നും, ടിയാൾ +2 പസ്സായിട്ടുണ്ടെന്നും, ടിയാളുടെ കുടുംബ വാർഷിക വരുമാനം 80,000/- രൂപയാണെന്നും, ക്ലാർക്ക് തസ്തികയിൽ നിയമനത്തിനായാണ് ടിയാൻ അപേക്ഷിച്ചിട്ടുള്ളതെന്നും. പരേതന്റെ ആശ്രിതരാർക്കുംതന്നെ ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം ലഭിച്ചിട്ടില്ലെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് അപേക്ഷകന് അർഹതയുണ്ടെന്നതിനാൽ അപ്രകാരം നിയമനം നൽകാവുന്നതാണെന്ന് ജില്ലാ കളക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആശ്രിത നിയമന പദ്ധതി പ്രകാരം നിയമനം നൽകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നിഷ്കർഷിച്ചിരിക്കുന്ന പരാമർശ ഉത്തരവുകളിലെ വ്യവസ്ഥകളെല്ലാം പാലിക്കപ്പെട്ടുന്നുണ്ടെന്നതിനാൽ പഞ്ചായത്ത് ഡയറക്ടറുടേയും കോട്ടയം ജില്ലാ കളക്ടറുടേയും ശുപാർശകൾ പരിഗണിച്ച്, കോട്ടയം ജില്ലയിലെ കടനാട് ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം ലൈബ്രേറിയൻ ആയിരിക്കെ മരണമടഞ്ഞ ശ്രീ. വി.പി തങ്കച്ചന്റെ മകൻ ശ്രീ. അജിത്.മാത്യുവിന് (വട്ടകാവുങ്കൽ വീട്, മട്ടത്തിപ്പാറ, കടനാട്, മീനച്ചിൽ, കോട്ടയം-686651) നിലവിലുള്ളതും ചുവടെപ്പറയുന്നതുമായ വ്യവസ്ഥകൾക്ക് വിധേയമായി ആശ്രിത നിയമന പദ്ധതി പ്രകാരം പഞ്ചായത്ത് വകുപ്പിൽ നിലവിലുള്ളതോ സമീപ ഭാവിയിൽ ഉണ്ടാകുന്നതോ ആയ ക്ലറിക്കൽ തസ്തികയിൽ, ടിയാൾ നിയമനത്തിനായി അപേക്ഷിച്ചിരിക്കുന്ന കോട്ടയം ജില്ലയിൽത്തന്നെ കഴിവതും, നിയമനം നൽകുന്നതിനായി പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

1. അപേക്ഷകന്റെ നിയമനം, നിയമന തസ്തികയിലെ ആകെ നിയമനത്തിന്റെ 5% ൽ അധികരിക്കരുത്.
2. അപേക്ഷകയുടെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിറ്റ്നസ്സ് മുതലായവയുടെ അസ്സൽ സാക്ഷ്യ പത്രങ്ങൾ പരിശോധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പഞ്ചായത്ത് ഡയറക്ടർ നടത്തേണ്ടതാണ്.
3. സാധുവായ അപേക്ഷാത്തീയതിയെ അടിസ്ഥാനപ്പെടുത്തി അപേക്ഷകന്റെ സീനിയോറിറ്റി കണക്കാക്കേണ്ടതാണ്.
4. ടിയാളുടെ സേവനം ക്രമീകരിക്കുന്നതിന് മുമ്പ് പോലീസ് വെരിഫിക്കേഷൻ റിപ്പോർട്ട്, പൂർന്നകാല ചരിത്രം, ചട്ടപ്രകാരം നിശ്ചയിച്ചിട്ടുള്ള മറ്റ് നിബന്ധനകൾ എന്നിവ നിയമനാധികാരി പരിശോധിച്ച് തൃപ്തികരമണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
5. മരണമടഞ്ഞ വി.പി.തങ്കപ്പന്റെ സേവന പുസ്തകത്തിലും എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും ആശ്രിത നിയമനം നൽകിയത് സംബന്ധിച്ച് ആവശ്യമായ രേഖപ്പെടുത്തലുകൾ പ്രിൻസിപ്പൽ ഡയറക്ടർ നടത്തേണ്ടതും ആയത് വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.
6. അപേക്ഷകൻ സമർപ്പിച്ച വിവരങ്ങൾ തെറ്റാണെന്നോ യഥാർത്ഥ വിവരം മറച്ചു വയ്ക്കുകയോ ചെയ്താണ് ആശ്രിതനിയമനം കരസ്ഥമാക്കിയതെന്ന് ഭാവിയിൽ ഏതെങ്കിലും അന്വേഷണത്തിൽ കണ്ടെത്തുന്ന പക്ഷം മേൽ പ്രകാരം ആശ്രിതനിയമനം റദ്ദു ചെയ്യുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

ശ്രീ. അജിത്.മാത്യു (വട്ടകാവുങ്കൽ വീട്, മട്ടത്തിപ്പാറ, കടനാട്, മീനച്ചിൽ, കോട്ടയം-686651)

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം(അനുബന്ധ രേഖകൾ സഹിതം).

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം

ജില്ലാ കളക്ടർ, കോട്ടയം

സെക്രട്ടറി, കടനാട് ഗ്രാമപഞ്ചായത്ത് , കോട്ടയം

ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

സ.ഉ.(കൈ) നം.127/2023/LSGD

വിവര പൊതുജന സമ്പർക്ക വകുപ്പ്, (വെബ് & ന്യൂ മീഡിയ)

കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്, (ഇപിഎ3/109/2022/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
സെക്ഷൻ ഓഫീസർ
Date: 16-06-2023 15:06:00